പൊളിച്ചുമാറ്റുന്നതിന് സമർപ്പിച്ച സർവ്വേ റിപ്പോർട്ടിന്മേൽ ഡിസ്മാന്റ്ലിംഗ് എസ്റ്റിമേറ്റിന്മേലുള്ള അപാകതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലുള്ള പേവാർഡ് കെട്ടിടം പൊളിക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവുന്നകാര്യം പരിഗണിക്കുകയോ മാസ്റ്റർ പ്ലാനിൽ പേവാർഡിന് കെട്ടിട സൗകര്യം ഏർപ്പെടുത്തുകയോ ചെയ്യണമെന്ന് കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിന്മേൽ തുടർ നടപടികൾ നടന്നുവരുന്നു.

മാവേലിക്കര ജില്ലാ ആശുപത്രിയിലെ കിഫ്ബി പദ്ധതി

184 (195) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ?

മാവേലിക്കര ജില്ലാ ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനും അനുബന്ധ സംവിധാനങ്ങൾക്കുമായി സർക്കാർ 126.55 കോടി രൂപയുള്ള ഭരണാനുമതിയും കിഫ്ബി 102.79 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. 20-1-2021-ലെ സ.ഉ.(സാധാ) നമ്പർ 179/2021/ആ.കു.വ. പ്രകാരം 79.44 കോടി രൂപയുള്ള പദ്ധതിയുടെ ടെണ്ടറിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പാരിസ്ഥിതികാനുമതി, മലിനീകരണ നിയന്ത്രണ ബോർഡ്, അഗ്നിശമന വകുപ്പ് എന്നിവയുടെ അനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന വൃക്ഷങ്ങൾ മുറിച്ച് മാറ്റിയിട്ടുണ്ട്. ബഹുനില കെട്ടിടത്തിന്റെ നിർദ്ദിഷ്ട സ്ഥലത്തും പാർക്കിംഗ് ഏരിയയിലുമായി സ്ഥിതിചെയ്യുന്ന 15 കെട്ടിടങ്ങൾ നിർദ്ധാരിത മൂല്യം 8,41,338 രൂപയിൽ കുറയാതെ പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 11 കെട്ടിടങ്ങൾക്ക് 10,67,533 രൂപയ്ക്ക് ലേലം സ്വീകരിച്ചു. അതിൽ 8 കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ബാക്കി 3 കെട്ടിടങ്ങൾ ലോക്ക്ഡൗണിനുശേഷം പൊളിച്ചുമാറ്റുന്നതാണ്. പാർക്കിംഗ് ഏരിയയിലുള്ള 4 കെട്ടിടങ്ങൾ പൊളിക്കുന്നതിനുള്ള ലേല നടപടികൾ ബഹുനില കെട്ടിട നിർമ്മാണത്തിനുശേഷം ആരംഭിക്കും. കെട്ടിട നിർമ്മാണത്തിന് മുന്നോടിയായുള്ള ടെസ്റ്റ് പൈലിംഗിനായി സ്ഥലം കൈമാറി ടെസ്റ്റ് പൈലിംഗിനുള്ള നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly